# ബ്ലാക്ക് ലൈവ്സ് മാറ്റർ

പ്രിയപ്പെട്ട അമ്മ, അച്ഛൻ, അങ്കിൾ, ആന്റി, അപ്പച്ചൻ , അമ്മച്ചി, കുടുംബം,

നമ്മുക്ക് സംസാരിക്കേണ്ടതുണ്ട്.

നിങ്ങൾക്ക് കറുത്ത വർഗ്ഗക്കാരായ സുഹൃത്തുക്കളോ, സഹപ്രവർത്തകരോ, പരിചയക്കാരോ ഉണ്ടാകില്ല, പക്ഷേ എനിക്ക് ഉണ്ട്. കറുത്തവർഗ്ഗക്കാർ എന്റെ ജീവിതത്തിന്റെ അടിസ്ഥാനപരമായ ഭാഗമാണ്; അവർ എന്റെ സുഹൃത്തുക്കൾ ആണ്, അയൽക്കാർ ആണ്, കുടുംബം ആണ്. അവരെ ഓർത്തു ഞാൻ ഭയപ്പെടുന്നു.

അടുത്തിടയ്ക്ക്, മിന്നിസോട്ടയിൽ, ഒരു വെള്ളക്കാരാനായ പോലീസ് ഓഫീസർ കറുത്ത വർഗ്ഗക്കാരാനായ ജോർജ് ഫ്ലോയ്ഡ് എന്ന വ്യക്തിയെ ഏകദേശം 9 മിനിറ്റ് കഴുത്തിൽ തന്റെ കാൽ മുട്ട് അമർത്തി പിടിച്ചു കൊന്നു – അതും, ആ മനുഷ്യന്റെ നിരന്തരമായ, തനിക്ക് ശ്വസിക്കാൻ കഴിയുനില്ല എന്ന കരച്ചിലിനെ അവഗണിച്ചു കൊണ്ട്. രണ്ട് പോലീസുകാർ കൂടി ഫ്ലോയ്ഡിനെ തറയിൽ അമർത്താൻ സഹായിച്ചപോൾ, നാലാമനായ ഒരു ഏഷ്യൻ വംശജനായ പോലീസുക്കാരൻ അതിൽ ഇടപെടാതെ അവർക്ക് കാവൽ നിന്നു. ഫ്ലോയ്ഡ് ഒറ്റയ്ക്ക് ആയിരുനില്ല; ഈ വർഷം തന്നെ, ഇന്ത്യാനയിൽ ട്രീസൺ റീഡിനെയും, മെയിൽ ഫ്ലോറിടയിൽ ടോണി മക്ടെടിനെയും, ഒപ്പം മാർച്ചിൽ കെന്റ്റക്കിയിൽ ബ്രിയോണ്ണ ടെയ്‌ലർ എന്നിവരെയും പോലീസ്സുകാർ കൊലപ്പെടുത്തുകയുണ്ടായി. ഫെബ്രുവരി മാസത്തിൽ ഒരു മുൻ കുറ്റാന്വേഷകൻ ജോർജിയയിലെ അഹമ്മദ് അർബേരി എന്ന ആളിനെയും കൊല്ലുകയുണ്ടായി.

പലപ്പോഴും വളരെ അധികം മാധ്യമ ശ്രദ്ധ ലഭിച്ചിട്ട് പോലും, കറുത്ത വർഗ്ഗകാരായ ആളുകളെ കൊന്നു തള്ളിയ പോലീസുക്കാർക്ക് മിക്ക സാഹചരങ്ങളിലും ഒരു ബുദ്ധിമുട്ടുകളും അനുഭവികേണ്ടി വന്നിട്ടില്ല. അങ്ങനെ എങ്കിൽ ഒരിടത്തും രേഖപ്പെടുത്താതെ, ആരും കാണാതെ എത്രയെത്ര സംഭവങ്ങൾ കടന്നുപോകുന്നുണ്ട് എന്നത് ഒന്ന് ചിന്തിച്ചു നോക്കിയാൽ മനസ്സിലാകും.

ഇതാണ് എനിക്ക് കരുതൽ ഉള്ള കറുത്ത വർഗ്ഗക്കാരുടെ ഓരോ ദിവസത്തിന്റെയും ജീവിതത്തിന്റെ ഞെട്ടിപ്പിക്കുന്ന നേർകാഴ്ച.

നിങ്ങൾ ഇപ്പോൾ വിചാരിക്കുണ്ടാകും: നമ്മളും ഒരു ന്യൂനപക്ഷം ആണ്, നമ്മൾ കയ്യിൽ ഒന്നുമില്ലാതെ അമേരിക്കയിൽ എത്തിയ ശേഷം, വിവേചനങ്ങൾ ഉണ്ടായിട്ട് കൂടെ സ്വന്തമായി ഒരു നല്ല ജീവിതം കെട്ടിപ്പെടുത്തി എടുത്തല്ലോ, എന്ത് കൊണ്ട് അവർക്കും അങ്ങനെ ആയി കൂടാ?

ദക്ഷിണഏഷ്യൻ സമൂഹത്തിന് ഒരുപാടു തരത്തിൽ ഉള്ള വിവേചനങ്ങളും, അക്രമങ്ങളും അമേരിക്കയിൽ നേരിടേണ്ടി വന്നിട്ടുണ്ട്. 2015ൽ ആലബാമയിൽ ഒരു പോലീസുക്കാരൻ, സുരേഷ്ഭായ് പട്ടേൽ എന്ന വ്യക്തിയെ അക്രമികുകയും, അദ്ധേഹത്തിന്റെ ശരീരം ഭാഗീകം

# ബ്ലാക്ക് ലൈവ്സ് മാറ്റർ

ആയി തളർന്നു പോകുവയും ചെയ്തു, അതും മെലിഞ്ഞ ഒരു കറുത്ത മനുഷ്യൻ തന്റെ വീടിന്റെ വെളിയിലൂടെ നടന്നു പോകുന്നു എന്ന ഒരു വെള്ളകാരന്റെ 911 ലേക്കുള്ള അറിയിപ്പിനെ മാത്രം പരിഗണിച്ച്. ഈ സംഭവം, രാജ്യത്തിന്റെ പല ഭാഗത്ത് ന്യൂനപക്ഷങ്ങൾക്ക് എതിരായി നടക്കുന്ന അക്രമങ്ങളുടെ അതേ സ്വഭാവം ഉള്ള ഒന്നാണ്, വെള്ളക്കാരുടെ ആധിപത്യത്തിന് കുട പിടിക്കുകയും, പോലീസിന്റെ ക്രൂരത വഴി മറ്റു വംശ-വർണത്തിൽ ഉള്ളവർക്ക് എതിരെ നടക്കുന്ന അക്രമങ്ങളെ ന്യായീകരിക്കുകയും ചെയ്യുന്ന സംഭവങ്ങൾ. ഈ ഉപദ്രവങ്ങൾ കറുത്ത വർഗ്ഗകാരായ അമേരിക്കക്കാരെ പോലെ മറ്റാരും അനുഭവിക്കുന്നുമില്ല.

ഞാൻ എങ്ങനെ ആണ് കാര്യങ്ങളെ കാണുന്നത് എന്ന് എനിക്ക് നിങ്ങളോട് പങ്കിടണം. ഞാൻ ഇത് പറയുന്നത് സ്നേഹത്തിന്റെ പുറത്ത് ആണ്, കാരണം ഞാൻ ആഗ്രഹിക്കുന്നത് ഞാൻ ഉൾപടെ നമ്മൾ എല്ലാവരും അൽപ്പം കൂടി മികച്ചതായി പ്രവർത്തിക്കണം എന്നാണ്.

മിക്ക സാഹചര്യങ്ങളിലും, നമ്മൾ റോഡിലൂടെ നടന്നു പോകുമ്പോൾ ആളുകൾ നമ്മളെ ഒരു ഭീഷണി ആയി കണക്കാകുന്നില്ല. നമ്മൾ ഓരോ ദിവസം വീട് വിട്ടു ഇറങ്ങുന്നത് തിരിച്ച് എത്താൻ സാധികുമോ എന്ന ഭയത്തോടെ അല്ല. പോലിസ് നമ്മളെ തടഞ്ഞ് നിർത്തിയാൽ, അത് നമ്മുടെ മരണത്തിൽ കലാശ്ശിക്കും എന്നും നമ്മൾ ഭയപ്പെടുനില്ല.

എന്നാൽ നമ്മുടെ കറുത്ത വർഗ്ഗക്കാരായ സുഹൃത്തുക്കളുടെ അവസ്ഥ ഇങ്ങനെ അല്ല.

ബഹുഭൂരിപക്ഷം കറുത്ത വർഗ്ഗക്കാരും അടിമ കച്ചവടത്തിൽ വിൽക്കപെട്ടു, തങ്ങളുടെ ഇഷ്ടത്തിന് വിരുദ്ധമായി ഇവിടെ എത്തപ്പെട്ടവർ ആണ്. നൂറ്റാണ്ടുകളോളം അവരുടെ സമൂഹങ്ങളും, ശരീരങ്ങളും, കുടുംബങ്ങളും ലാഭ ഇച്ഛയെ മാത്രം മുൻനിർത്തി ദുരുപയോഗം ചെയ്യപെട്ടവയാണ്. അടിമത്തത്തിന്റെ അവസാനത്തിനു ശേഷവും സർകാറുകൾ അവരെ സ്വന്തം ജീവിതം കെട്ടി പെടുത്താൻ അനുവദിച്ചില്ല – അതിനാൽ നിയമം വഴി അവർക്ക് വോട്ട് ചെയ്യാൻ, വിദ്യാഭ്യാസം നേടാൻ, സ്വന്തം വീടോ കച്ചടവങ്ങളോ നടത്താൻ ഉള്ള അവകാശങ്ങൾ നിഷേധിക്കപെട്ടു. ഈ അസമത്വങ്ങൾ എല്ലാം പോലീസും, ജയിലുകളും വഴി അടിച്ചേൽപ്പിക്കപെട്ടവയാണ് – വെളുത്തവർഗ്ഗക്കാരുടെ അടിമ മേൽനോട്ടത്തിലും, തോട്ടങ്ങളിലും ഇത് നേരിട്ട് കണ്ടെത്താനാകും. കറുത്തവർഗ്ഗക്കാർ ഇന്നും അതേ അക്രമത്തിന്റെ ഭീഷണിയിൽ ആണ് ജീവികുന്നത്. അടിച്ചമർത്തൽ നിന്നിട്ടില്ല, പകരം അതിന്റെ രൂപം മാറിയതെ ഉള്ളു.

കറുത്തവർഗ്ഗക്കാർ ഇന്നും നിലനിൽക്കുക മാത്രമല്ല, ഇപ്പോഴും എല്ലാ പ്രതിബന്ധങ്ങൾക്കും എതിരെ നിൽക്കുകയും ചെയ്യുന്നു. നമ്മൾ ഇന്ന് അസ്വധികുന്ന പല അവകാശങ്ങൾക്കും വേണ്ടി ഉള്ള പോരാട്ടത്തിൽ, അവർ പോലീസ്സിനാൽ മർദിക്കപെടുകയും, ജയിലിൽ അടക്കപെടുകയും, കൊല്ലപെടുകയും ചെയ്തിട്ടുണ്ട്. നമ്മളെ പരസ്പരം പോരടിപ്പികുന്ന ഒരു അന്യായമായ വ്യവസ്ഥിതിയിൽ പോലും, കറുത്ത വർഗ്ഗക്കാരുടെ സംഘടനകൾ അന്യായമായ കുടിയേറ്റ നിയമങ്ങളും, വംശീയ വേർതിരുവുകളും അവസാനിപ്പിക്കാൻ നമ്മളെ സഹായിച്ചു. അതിന്റെയൊക്കെ തെളിവായി അമേരിക്കയിൽ ഇന്ന് 45 ലക്ഷം

# ബ്ലാക്ക് ലൈവ്സ് മാറ്റർ

സൗത്ത് ഏഷ്യൻ വംശജകർ നിലവിൽ ഉണ്ട്. ഇതിന് മുൻകൈ എടുത്തു സഹായിച്ചതും അമേരിക്കൻ കറുത്തവർഗക്കാർ ആണ്.

1960കളിൽ പൗരാവകാശ പ്രസ്ഥാങ്ങളുടെ വളർച്ചയുടെ പരമോന്നതിയിൽ, വംശീയ വിവേചനത്തിന് മുൻതൂക്കം നൽകിയിരുന്ന രാജ്യത്തിന്റെ കുടിയേറ്റ നിയമ വ്യവസ്ഥികൾ പൊളിച്ചെഴുതാൻ നിർബന്ധിതമായി. 1965ൽ നിലവിൽ വന്ന “ഇമ്മിഗ്രേഷൻസ് ആൻഡ് നാഷണാലിറ്റി ആക്റ്റ്” പ്രകാരം സാങ്കേതികമായും വിദ്യാഭ്യാസപരമായും മികച്ചു നിന്ന വിദേശികൾക്ക് ഈ രാജ്യത്തിലേക്ക് പ്രവേശനം ലഭിച്ചു. മാർട്ടിൻ ലൂതർ കിങ്ങിന്റെ അനുനയനത്തിലൂടെ അന്നത്തെ പ്രസിഡന്റ് ആയ ലിൻഡൻ ബി ജോൺസൻ ഒപ്പ് വച്ച നിയമം വഴിയാണ് നമ്മളെല്ലാം ഇപ്പോൾ ഇവിടെ ഉള്ളത്. വേതനമുള്ള ജോലികൾക്കു ആണ് നമ്മളെ ഇവിടെ എത്തിച്ചതെങ്കിൽ, വേതനമില്ലാത്ത നിർബന്ധിതമായ അടിമ ജോലിക്കാണ് കറുത്ത വർഗ്ഗക്കാരെ ഈ രാജ്യത്തിലേക്ക് കൊണ്ട് വന്നത്. നമ്മുക്ക് ഇവിടെ പല തരത്തിൽ ഉള്ള വിവേചനങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ടെങ്കിൽ പോലും, കറുത്ത വർഗ്ഗക്കാർ അനുഭവിച്ചത് പോലെ ഒരിക്കലും മുൻകൂട്ടി ഉള്ള കണക്കുക്കൂട്ടലോടെ സാമ്പത്തികപരമായതോ രാഷ്ട്രീയപരമായതോ ആയ നമ്മുടെ വളർച്ച തടയാൻ ആരും ശ്രമിച്ചിട്ടില്ല.

ഇപ്പോഴും, നമ്മുക്ക് ലഭിച്ച ഈ അവസരങ്ങൾ നമ്മുടെ വളർച്ചയെ മുൻനിർത്തി മാത്രം നൽകപ്പെട്ടതല്ല, മറിച്ചു "ഏഷ്യൻ വംശജർക്ക് വിജയിക്കാമെങ്കിൽ, എന്ത് കൊണ്ട് കറുത്ത വർഗ്ഗക്കാർക്കും ആയിക്കൂടാ?" എന്ന് ലോകത്തെ വിശ്വസിപ്പിക്കാൻ ഉള്ള ഒരു ഉപാധി ആയി ആണ് അമേരിക്കൻ ഗവണ്മെന്റ് നമ്മളെ ഉപയോഗിച്ചത്. വർണത്തിന്റെ അടിസ്ഥാനത്തിൽ ആരാണ് മികച്ചത്, ആരാണ് മോശം എന്ന് തീരുമാനിക്കുന്ന 'മോഡൽ മൈനോറിറ്റി മിത്ത് ' ആണ് ഇത്. അവരുടെ വളർച്ച തടഞ്ഞു കൊണ്ട് തന്നെ, കറുത്ത വർഗ്ഗക്കാരെല്ലാം മടിയന്മാരും, നിരക്ഷകരും ആണെന്ന് വരുത്തി തീർക്കാൻ ഉള്ള അറിഞ്ഞു കൊണ്ടുള്ള ശ്രമത്തിന്റെ ഭാഗം കൂടെ ആണ് ഇത്.

ചെറിയ തോതിൽ ഉള്ള പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിൽ കൂടി, ഇപ്പോഴും ഈ അന്യായ വ്യവസ്ഥിതി ആണ് എന്നും വിജയിക്കുന്നത്. ഈ കഴിഞ്ഞ നൂറുകണക്കിന് വർഷങ്ങൾക്ക് ഇടയിലും, ഇവിടെ പോലീസുകാർ ഇപ്പോഴും കറുത്ത വർഗ്ഗക്കാരെ കൊല്ലുകയും, അതിൽ നിന്നു രക്ഷപെട്ട് കൊണ്ട് ഇരിക്കുകയും ചെയ്യുന്നു.

നിങ്ങൾ കാണുന്ന കൊള്ളയുടെയും വസ്തുനശീകരത്തിന്റെയും ദൃശ്യങ്ങൾ കണ്ടു നിങ്ങൾ ഭയപ്പെടാം. നിങ്ങളുടെ പൂർവ്വികർ തുടങ്ങിയ സമരങ്ങൾ ഇന്നും തുടരേണ്ടി വരുന്നതിന്റെ അസ്സഹനീയതയെ കുറിച്ചു നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? നിങ്ങളുടെ കുട്ടികളുടെ ജീവന് കേവലം നിർജ്ജീവ വസ്തുവകകളുടെ വില പോലും കല്പിക്കാത്ത സമുദായത്തെ കാണേണ്ടി വരുന്ന മാതാപിതാക്കളുടെ വികാരമെന്താണെന്ന് നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? ഒരു ലോക വ്യാധിയുടെ മധ്യേ ഇങ്ങനെയൊരു പ്രതിഷേധത്തിൽ ഏർപ്പെടേണ്ടി വരുന്നത് എത്രമാത്രം ക്ഷമ നഷ്ടപ്പെട്ടിട്ടാണ് എന്നു ആലോചിച്ചിട്ടുണ്ടോ?

# ബ്ലാക്ക് ലൈവ്സ് മാറ്റർ

ഇത് കൊണ്ട് ആണ് ഞാൻ **'ബ്ലാക്ക് ലൈവ്സ് മാറ്റർ'** എന്ന ആശയത്തെ പിന്തുണയ്ക്കുന്നത്.

ഈ പോരാട്ടത്തിന്റെ ഒരു വശം എന്നത്, എന്റെ സമൂഹത്തിലോ, എന്തിനു എന്റെ കുടുംബത്തിൽ പോലുമോ ആരെങ്കിലും കറുത്ത വർഗ്ഗക്കാരുടെ മാനവികതയ്ക്ക് എതിരായി സംസരികുന്നതോ പ്രവർത്തിക്കുന്നതോ കണ്ടാൽ അതിനു എതിരെ ശബ്ദം ഉയർത്തുക എന്നതാണ്. നമ്മുടെ നിശ്ശബ്ദദയ്ക്ക് ഒരു വില ഉണ്ട്, അതിനെ പറ്റി നമ്മൾ സംസാരിക്കേണ്ടത് ആവശ്യവുമാണ്.

നിങ്ങളോട് പലപ്പോഴും കരുണ കാണികാത്ത ഒരു രാജ്യത്ത് നിങ്ങൾ സഹിച്ച എല്ലാ യാതനകൾക്കും എനിക്ക് എന്നും നിങ്ങളോട് നന്ദി ഉണ്ട്. ഇവിടെ പട്ടിണി, അസുഖം, തീവ്രവാദം, കുറ്റകൃത്യങ്ങൾ എന്നിവയെല്ലാം എത്തിപെട്ടതിനു പലപ്പോഴും നമ്മൾ കുറ്റാരോപിതരായിട്ടുണ്ട്. എനിക്ക് ഒരു മികച്ച ജീവിതം ഉണ്ടാകാനായി ഈ മുൻധാരണകൽ നിറഞ്ഞ അമേരിക്കയിൽ നിങ്ങൾ ഒരുപാടു സഹിച്ചിട്ടുണ്ട്.

എന്നാൽ ഈ സഹനങ്ങൾ എല്ലാം മുൻപത്തെക്കാളും കൃത്യമായി വ്യക്തമാക്കുന്നത്, ഇതിൽ നമ്മൾ എല്ലാവരും ഒന്നിച്ചു ഉണ്ട് എന്നും, കറുത്ത വർഗ്ഗക്കാരായ നമ്മുടെ സുഹൃത്തുക്കളുടെയും, സ്നേഹിതരുടെയും, അയൽക്കാരുടെയും സുരക്ഷ ഉറപ്പാക്കാതെ നമ്മൾ ഇവിടെ സുരക്ഷിതരല്ല എന്നുമാണ്. നമ്മൾ ആഗ്രഹിക്കുന്ന ലോകം, നമ്മുക്ക് പേടി കൂടാതെ ജീവിക്കാൻ സാധിക്കുന്ന ഒന്നാണ്. അതാണ് ഞാൻ ആഗ്രഹിക്കുന്ന, നിങ്ങളും ആഗ്രഹിക്കുന്നു എന്ന് ഞാൻ പ്രഢീക്ഷികുന്ന ഭാവി.

സ്നേഹത്തോടും, പ്രതീക്ഷയോടും കൂടെ,
നിങ്ങളുടെ മക്കൾ